## ഗനൂശി പൊളിച്ചെഴുതിയ മിഥ്യകൾ

**ചരിത്രാതീതകാലം** മുതൽ സ്ത്രീയെ അടിമയും കളിപ്പാട്ടവുമായി, ജീവിതത്തിൽ ഉപസ്ഥാനത്തിന് മാത്രം അർഹയായി പരിഗണിക്കുന്ന സാമൂഹിക ക്രമങ്ങളുടെ നിഴലിലാണ് ലോകമിന്നു വരെ കഴിഞ്ഞുപോന്നിട്ടുള്ളത്. പുരുഷനോട് തുല്യമായ ഒരു പദവി ജീവിതത്തിൽ സ്ത്രീക്ക് അനുവദിച്ചുകൊടുക്കാൻ ഒരു രാജ്യത്തെ സാമൂഹികവ്യവസ്ഥയും തയാറായിട്ടില്ല. സാമൂഹികജീവിതത്തിന്റെ അസ്തിവാരമായി നിലനിൽക്കുന്ന കുടുംബജീവിതം ആരംഭിച്ച ചരിത്രസന്ധി മുതൽ പുരുഷന്റെ കീഴിൽ ഒതുങ്ങിപ്പാർക്കേണ്ടവളായാണ് സ്ത്രീ ഗണിക്കപ്പെട്ടിട്ടുള്ളത്. ആർഷസംസ്കാരമായാലും പാശ്ചാത്യ സംസ്കാരമായാലും ഗ്രീക്ക്, ചൈനീസ്, ബാബിലോണിയൻ, അറബ് സംസ്കാരമായാലും ഇതുതന്നെ സ്ഥിതി. പുരുഷൻ തന്റെ അധികാരപരിധി വിശാലമാക്കാൻ തുടങ്ങിയതോടെ വഞ്ചനയുടെയും ദുഷ്ടതയുടെയും കൂടി പാപഭാരം അവളിൽ ചുമത്തപ്പെട്ടു. അങ്ങനെ സ്ത്രീ എന്നാൽ പിശാചിന്റെ മനുഷ്യരൂപമായും പാപങ്ങളുടെ ഉറവിടമായും ചിത്രീകരിക്കപ്പെട്ടു. വേദങ്ങളെ ഇതിനായി കൂട്ടുപിടിച്ചു.

ഈ സർവവിധ അധഃസ്ഥിതികളിൽനിന്നും സ്ത്രീക്ക് വിമോചനം നൽകിക്കൊണ്ടായിരുന്നു മക്കയിൽ ഇസ്‌ലാമിന്റെ രംഗപ്രവേശം. നിർഭാഗ്യകരമെന്ന് പറയട്ടെ, ഇസ്‌ലാമിന്റെ പിൻഗാമികളായ പണ്ഡിതന്മാർ, ഏതൊരു ജാഹിലിയ്യത്തിൽനിന്നാണോ ഇസ്‌ലാം സ്ത്രീകളെ വിമോചിപ്പിച്ചത് അതേ ജാഹിലിയ്യത്തിലേക്കുതന്നെ അവളെ കൊണ്ടെത്തിക്കുന്നതിന് അറിഞ്ഞോ അറിയാതെയോ കാരണമായിക്കൊണ്ടിരിക്കുന്നു. ഈയൊരു പശ്ചാത്തലത്തിലാണ് റാശിദുൽ ഗനൂശി, യൂസുഫുൽ ഖറദാവി തുടങ്ങിയ ആധുനിക ഇസ്‌ലാമിക പണ്ഡിതന്മാരുടെ പ്രവർത്തനങ്ങളും പ്രഭാഷണങ്ങളും ശ്രദ്ധേയമാകുന്നത്. റാശിദുൽ ഗനൂശിയുടെ 'സ്ത്രീ: ഖുർആനിലും മുസ്‌ലിം ജീവിതത്തിലും' എന്ന പ്രൗഢോജ്വല ലേഖന പരമ്പര അവയുൾക്കൊള്ളുന്ന മഹനീയാശയം കൊണ്ടും വിപ്ലവാത്മകത കൊണ്ടും *പ്രബോധന*ത്തിന്റെ താളുകളെ ധന്യമാക്കി.

'സ്ത്രീകളില്ലായിരുന്നുവെങ്കിൽ അല്ലാഹു യഥാവിധം ഇബാദത്ത് ചെയ്യപ്പെടുമായിരുന്നു', 'സ്ത്രീയെ അനുസരിച്ചാൽ ദുഃഖിക്കേണ്ടിവരും', 'സ്ത്രീകളില്ലായിരുന്നുവെങ്കിൽ പുരുഷൻ സ്വർഗത്തിൽ പ്രവേശിക്കുമായിരുന്നു' തുടങ്ങി സ്ത്രീയെ ആക്ഷേപിക്കാൻ വേണ്ടി പടച്ചുണ്ടാക്കിയ വ്യാജ ഹദീസുകളുടെ ഒരു നീണ്ട നിരതന്നെയുണ്ട്. 'നരകാവകാശികളിൽ കൂടുതലും സ്ത്രീകളാണ്', 'സ്ത്രീ ദീനും ബുദ്ധിയും കുറഞ്ഞവളാണ്', 'പ്രവാചകനുശേഷം ഏറ്റവും ഉപദ്രവകരമായ ഫിത്ന സ്ത്രീയായിരിക്കും' തുടങ്ങിയ ഹദീസുകൾ ഇഷ്ടാനുസരണം ദുർവ്യാഖ്യാനം ചെയ്യുന്നതിനും മടി കാണിച്ചില്ല.

അനിഷേധ്യമായ അടിസ്ഥാന പ്രമാണങ്ങളുടെ പിൻബലത്തിൽ വേണം ദീനിനെ മനസ്സിലാക്കാൻ. പണ്ഡിതന്മാരുടെയോ മറ്റോ അഭിപ്രായങ്ങളല്ല ദീനിന്റെ അവസാന വാക്കാവേണ്ടത്, മറിച്ച് ഖുർആനും സുന്നത്തുമാണ്. ഈ തത്ത്വം പാലിച്ചുകൊണ്ട് ഖുർആനും സുന്നത്തും ഒരു വെറും വായനക്ക് വിധേയമാക്കിയാൽതന്നെ ഇസ്‌ലാമിക സമൂഹത്തിൽ സ്ത്രീക്കുള്ള സ്ഥാനം മനസ്സിലാക്കാവുന്നതാണ്.

കുടുംബത്തിൽ സ്ത്രീയോട് അഭിപ്രായം ചോദിക്കുന്നത് കുറച്ചിലായി ചില പുരുഷന്മാർ കാണുന്നു. സ്ത്രീയുടെ അഭിപ്രായങ്ങൾ മാനിക്കുന്ന ഭർത്താവിനെ ചിലപ്പോൾ പെൺകോന്തനെന്നോ ആണത്തമില്ലാത്തവനെന്നോ വിളിച്ചേക്കാം. 'എന്റെ ഭാര്യ എന്റെ മുന്നിൽ പേടിച്ചു വിറക്കും' എന്നഭിമാനം കൊള്ളുന്നവരുണ്ട്. അത്തരം 'പുരുഷകേസരി'കളെ ഓർത്ത് സഹതപിക്കാനേ നിർവാഹമുള്ളൂ. ഈ വിഷയത്തിൽ പ്രവാചകന്റെ മാതൃക നോക്കുക. പ്രവാചകൻ ഭാര്യ ഖദീജ(റ)യുടെ അഭിപ്രായമനുസരിച്ച് വറഖത്ബ്നു നൗഫലിനെ കാണുന്നു, ഹുദൈബിയാ സന്ധിയുടെ വേളയിൽ ഭാര്യ ഉമ്മു സൽമയുടെ അഭിപ്രായമനുസരിച്ച് ബലിമൃഗത്തെ അറുക്കുന്നു, യുദ്ധ കാര്യങ്ങളിൽ പോലും നബി ഭാര്യമാരുടെ അഭിപ്രായം ആരാഞ്ഞിരുന്നു.

'മനുഷ്യരിലാർക്കെങ്കിലും സുജൂദ് ചെയ്യാനനുവാദമുണ്ടായിരുന്നുവെങ്കിൽ ഭാര്യയോട് ഭർത്താവിന് സുജൂദ് ചെയ്യാൻ ഞാൻ കൽപിക്കുമായിരുന്നു' എന്ന നബിവചനത്തെക്കുറിച്ച് വാചാലരാകുന്ന വ്യാഖ്യാതാക്കളും പ്രസംഗകരും, 'നിങ്ങളിൽ ഏറ്റവും ഉത്തമൻ സ്ത്രീകളോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്' എന്ന നബിവചനം സൗകര്യപൂർവം വിസ്മരിക്കുന്നു. പുരുഷന് സ്ത്രീയെ വിവാഹമോചനം ചെയ്യാം എന്ന പോലെത്തന്നെ ഭർത്താവുമായി യോജിച്ചുപോവാൻ കഴിയാതെ വരുമ്പോൾ ഭർത്താവിനെ ഒഴിവാക്കാൻ(ഖുൽഅ്) സ്ത്രീക്കും ഇസ്‌ലാം സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന വസ്തുതയും വിഴുങ്ങുന്നു.

സ്ത്രീ വിരുദ്ധത സമൂഹത്തിന്റെ എല്ലാ മേഖലകളിലും കൈകടത്തലുകൾ നടത്തിയിരിക്കുന്നു. ഫിഖ്ഹീ വിഷയങ്ങളിൽ പോലും ഇത് കടന്നുകൂടിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കേവലം അഭിപ്രായപ്രകടനങ്ങൾക്കും വാഗ്ധോരണികൾക്കും അപ്പുറം 'ഒഴുക്കുവെള്ളത്തിലെ ചണ്ടിക'ളാകാതെ ഒരു പുതിയ മാറ്റത്തിന് വിപ്ലവാത്മകമായ, ആർജവത്തോടുകൂടിയുള്ള ഇടപെടലാണ് പുരുഷനിൽനിന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

**റഹാസ് പെരിമ്പലം**

## പണം കായ്ച്ച വൃക്ഷം

**'ഭൂമിയുള്ളവർ** കൃഷി ചെയ്യണം' എന്ന തലക്കെട്ടിൽ അബ്ദുല്ലത്വീഫ് കൊടുവള്ളി എഴുതിയ ലേഖനം (ലക്കം 9) വായിച്ചപ്പോൾ ഓർമയിൽവന്നത് കിസ്റാ രാജാവ് അനുഷർവാന്റെ ഒരു സംഭവമാണ്. അദ്ദേഹം സൈത്തൂൻ വൃക്ഷം നടുകയായിരുന്ന ഒരു പടുവൃദ്ധന്റെ അരികിലൂടെ നടന്നുപോവാനിടവന്നു. വൃദ്ധനെ കണ്ടപ്പോൾ അദ്ദേഹം അൽപനേരം നിന്ന് ചിന്തിച്ചു. ഈ വൃദ്ധൻ നടുന്ന വൃക്ഷത്തിന്റെ ഫലം കായ്ച്ചാൽ, അത് ഭക്ഷിക്കാൻ ഇയാൾ ജീവിച്ചിരിപ്പുണ്ടാവില്ലല്ലോ. ഫലം കായ്ക്കുന്നതിന് മുമ്പേ അദ്ദേഹം മരിച്ചുപോകുമല്ലോ. അക്കാര്യം അദ്ദേഹത്തോട് രാജാവ് ചോദിച്ചു: 'ഹേ വൃദ്ധാ, ഈ സമയം സൈത്തൂൻ വൃക്ഷം നടുന്ന സമയമല്ലല്ലോ? ഈ വൃക്ഷമാണെങ്കിൽ സാവധാനത്തിലേ വളരുകയും ഫലം തരുകയുമുള്ളൂ. താങ്കളാണെങ്കിൽ ഒരു പടുവൃദ്ധനുമാണ്!'

വൃദ്ധൻ: 'രാജാവേ, നമുക്ക് മുമ്പുള്ളവർ നട്ടതാണ് നമ്മൾ ഭക്ഷിക്കുന്നത്. അപ്രകാരം നമ്മൾ നടുന്നത് നമുക്ക് ശേഷമുള്ളവർ ഭക്ഷിക്കും.' മറുപടി ഇഷ്ടപ്പെട്ട രാജാവ് വൃദ്ധനോട് 'സിഹ്' എന്നു പറഞ്ഞു ('സിഹ്' എന്നത് രാജാക്കന്മാരുടെ ഒരു പ്രയോഗരീതിയാണ്. ഒരാളോട് 'സിഹ്' എന്ന് രാജാവ് പറഞ്ഞാൽ ഒരു പണക്കിഴി അയാൾക്ക് ലഭിക്കും). അങ്ങനെ പണക്കിഴി കിട്ടിയപ്പോൾ വൃദ്ധൻ പറഞ്ഞു: 'രാജാവേ, എത്ര പെട്ടെന്നാണ് എന്റെ വൃക്ഷം ഫലം തന്നതെന്ന് താങ്കൾ കണ്ടില്ലേ?' പ്രതികരണം ഇഷ്ടപ്പെട്ട രാജാവ് വീണ്ടും പറഞ്ഞു: 'സിഹ്'. തനിക്ക് വീണ്ടും സമ്മാനം ലഭിച്ചപ്പോൾ വൃദ്ധൻ പറഞ്ഞു: 'രാജാവേ, വൃക്ഷങ്ങൾ വർഷത്തിൽ ഒരൊറ്റ പ്രാവശ്യമേ ഫലം നൽകൂ. പക്ഷേ എന്റെ വൃക്ഷം ഒരു നിമിഷത്തിൽ രണ്ടു പ്രാവശ്യം ഫലം കായ്ക്കുന്നു.' ഇതുകൂടി കേട്ടപ്പോൾ രാജാവ് പറഞ്ഞു: 'സിഹ്'. അതുകൂടി നൽകിയശേഷം ഭൃത്യൻ രാജാവിനോട് പറഞ്ഞു: 'നമുക്ക് പോകാം. ഇനിയും ഇവിടെ നിന്നാൽ നമ്മുടെ ഖജനാവിലുള്ളത് ആ വൃദ്ധന് തികയില്ല.'

**നൗഷാദ് വലിയപറമ്പ്**
**ആലിയാ അറബിക് കോളേജ്**
**കാസർകോട്**

# ജാക്സൻ എന്ന ദുരന്തം

**'മൈക്കിൾ** ജാക്സൻ ഏകാകിയുടെ നൊമ്പരങ്ങൾ' എന്ന തലക്കെട്ടിൽ മുഹമ്മദ് യഹ്‌യ എഴുതിയ ലേഖനത്തോട് യോജിക്കാൻ വയ്യ. താൻ തെരഞ്ഞെടുത്ത വഴിയെക്കുറിച്ച് പറയുമ്പോൾ ഏതൊരു 'അഭിസാരിക'ക്കും സാമ്പത്തികമോ സാമൂഹികമോ മറ്റോ ഉള്ള ഏതെങ്കിലും ഒരു കദനകഥ പറയാനുണ്ടാവും. ജാക്സന്റെ ഭൂതകാല കഥയും ഈ ഗണത്തിൽ പെടുത്തുകയേ തരമുള്ളൂ. ഇതുപോലുള്ള പീഡിതരും ദുഃഖിതരും ലോകത്ത് വേറെയും ഉണ്ട്. അവർ തെരഞ്ഞെടുത്ത വഴികളെക്കുറിച്ച് തിരിച്ചറിവുള്ളവർ ഇത്തരക്കാരുടെ ന്യായീകരണങ്ങളും അവകാശവാദങ്ങളും ചെവികൊള്ളാറില്ല.

തൊലിനിറം നഷ്ടപ്പെടുന്ന vitiligo എന്ന രോഗം ഉണ്ടായതുകൊണ്ടാണ് ഈ കറുത്ത വർഗക്കാരന്റെ രൂപമാറ്റം എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ഒന്നിലധികം പ്ലാസ്റ്റിക് സർജറികൾ മുഖത്തുതന്നെ നടത്തി രൂപം വ്യത്യാസപ്പെടുത്തിയതിന് തെളിവായി ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ തന്നെ ധാരാളം.

മൈക്കിൾ ജാക്സന്റെ 'മൂൺവാക്ക്' അത്ഭുതാദരവുകളോടെ നോക്കിനിന്ന് അത് അനുകരിക്കാൻ മണിക്കൂറുകളോളം പാടുപെട്ട ഭൂതകാലം ലേഖകൻ മുഹമ്മദ് യഹ്‌യക്ക് ഉണ്ടായിരുന്നു. എന്നാൽ ജാക്സനെക്കുറിച്ച് മറ്റു ചിലതുകൂടി പറയാനുണ്ട്. കാസറ്റിട്ട് ടി.വിയിലൂടെ കണ്ടാണ് ഞാനാദ്യമായി ജാക്സനെ അറിയുന്നത്. അന്ന് എന്റെ കുട്ടിക്കാലത്ത് (പത്ത് വയസ്സിൽ താഴെ) മനസ്സിൽ പതിഞ്ഞ ചിത്രങ്ങൾ ലേഖകന്റേതിൽനിന്നും വളരെ വ്യത്യസ്തമാണ്. ജാക്സൻ സ്റ്റേജിൽ 'ഷോ' നടത്തിക്കൊണ്ടിരിക്കെ കാമറ ഇടക്കിടെ സദസ്സിലേക്ക് തിരിക്കുമ്പോൾ, ആവേശലഹരിയിൽ വസ്ത്രം വലിച്ചൂരിയെറിയുന്ന സ്ത്രീകളും അവരുടെ നഗ്ന ശരീരവും, ചോര വാർന്നൊലിച്ച് സ്ട്രെറ്റ്ചറിൽ കൊണ്ടുപോവുന്ന ആസ്വാദകരെയും കണ്ടാണ് ഞാൻ അത്ഭുതപ്പെട്ടത്.

അമാനുഷികമെന്ന് തോന്നിപ്പിക്കുംവിധമുള്ള ജാക്സന്റെ പ്രകടനങ്ങളെക്കുറിച്ചുള്ള അന്വേഷണത്തോടൊപ്പം ശരീരവും മനസ്സും വളർന്നപ്പോൾ അറിയാൻ കഴിഞ്ഞത്, ജന്മനാ കിട്ടിയ സംഗീതമെന്ന അനുഗ്രഹത്തെ ഉത്തേജകങ്ങളുടെ സഹായത്തോടെ കമ്പോളത്തിൽ വിറ്റ് പണവും പ്രശസ്തിയും നേടാൻ ശ്രമിച്ചപ്പോഴാണ് ഒരു സാധാരണ മനുഷ്യൻ ഇപ്രകാരം അസാധാരണനായിത്തീർന്നത് എന്നാണ്. അപ്പോൾ സ്വാഭാവികമായും സാധാരണ മനുഷ്യന്റെ സ്വസ്ഥതയും സമാധാനവും ഇദ്ദേഹത്തിനും നഷ്ടമായി. കൂടുതൽ നഷ്ടങ്ങൾ വരുത്താതിരിക്കാൻ പുതിയ തലമുറക്ക് കഴിയട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം, പ്രത്യാശിക്കാം.

**എൻ. ശബ്നാ ജാസ്മിൻ ചേന്ദമംഗല്ലൂർ**

2009 ജൂലൈ 25-ലെ *പ്രബോധന*ത്തിൽ 'മഴവിൽലോകത്തെ ഇസ്‌ലാം' സംവാദത്തിൽ വന്ന സഹോദരി കെ.പി സൽവയുടെ ലേഖനം ചിന്തോദ്ദീപകമാണ്.

അതിസൂക്ഷ്മതയുടെ പുടവയണിഞ്ഞ്, സുരക്ഷിതമായ കൊക്കൂണിനകത്തെ (safe cocoon) പ്യൂപ (pupa)യാകേണ്ടവനല്ല യഥാർഥ വിശ്വാസി. പ്യൂപയിൽനിന്നും പിടഞ്ഞെണീറ്റ്, പ്രയാസപ്പെട്ട് പുറത്തുവന്ന്, ഇസ്‌ലാമിന്റെ മഴവില്ലാകാശത്തിന് കീഴെ പറന്നുയരേണ്ട ചിത്രശലഭമാണ് മുസ്‌ലിം.

ഇസ്‌ലാമാകുന്ന തെളിനീർ ഒഴുകുന്നിടത്തെല്ലാം തെളിച്ചമേകി, അവിടങ്ങളിലെ നന്മയുടെ തളിരുകൾക്ക് നനവേകുന്നു. പിന്നെയെന്തിന് നമ്മൾ നമ്മെത്തന്നെ കൊക്കൂൺവൽക്കരിക്കണം? തന്റെ വിശ്വാസത്തിൽ അഭിമാനവും അഹങ്കാരവുമുള്ള (ദുരഹങ്കാരമല്ല), ആത്മധൈര്യമുള്ള ആത്മാവിനേ ഇസ്‌ലാമിന്റെ മഴവിൽ ലോകത്തെ പുൽകാനാവൂ.

**സകിയ മുഹ്‌യിദ്ദീൻ ചേന്ദമംഗല്ലൂർ**

# ബഹുസ്വരത അടവുനയമല്ല

**ബഹുസ്വരത** അടവുനയമല്ല, ഇസ്‌ലാമിക സാമൂഹികവ്യവസ്ഥയുടെ സത്തയാണെന്ന ബോധ്യപ്പെടുത്തലിനിടയിൽ സി. ദാവൂദ് ചില അപകടധ്വനികളുണ്ടാക്കുന്നു. പുതിയ കാലത്ത് മർദക മർദിത ദ്വന്ദ്വങ്ങളെ അപ്രസക്തമാക്കി അലി ശരീഅത്തിയെ ഔട്ട് ഓഫ് ഡേറ്റ് ആക്കുന്നുണ്ട് ലേഖകൻ. അതോടെ മർദകന്റെ പൂച്ച നടത്തങ്ങൾക്ക് ചെവി കൂർപ്പിച്ചിരിക്കുകയും സാമ്രാജ്യത്വത്തിന്റെ കുപ്പിവെള്ളത്തോടു പോലും ജാഗ്രത്താവുകയും ചെയ്തിരുന്ന മുസ്‌ലിമിന്റെ അന്തഃസംഘർഷങ്ങളെ റദ്ദു ചെയ്യാം. തിരിച്ചറിയാനാവാത്ത വിധം വെളുപ്പിലേക്ക് കറുപ്പ് പടർന്നാൽ കറുപ്പിനെ വെള്ളപൂശുകയാണല്ലോ എളുപ്പവഴി. വിമോചകരുടെ പിൻമുറക്കാർ മർദകന്റെ ആക്രോശങ്ങളെ സംഗീതം പോലെ ശ്രവിക്കുന്ന കാലത്തായിരിക്കാം വ്യർഥ ഇസങ്ങൾ വീണ്ടും മർദിതരെ വ്യാമോഹിപ്പിക്കുക.

**കെ.എം അറഫാത്ത് പാനായിക്കുളം**

# സഹയാത്രികർ 'ക്ഷ' പിടിച്ചു

*പ്രബോധന*ത്തിന്റെ അകത്തളത്തിൽ പുതുതായി കയറിവന്ന *സഹയാത്രികർ* 'ക്ഷ' പിടിച്ചു. എഴുത്ത് യശശ്ശരീരനായ എം. കൃഷ്ണൻ നായരെ ഓർമിപ്പിക്കുന്നു. അറുപതുകളിൽ മലയാളനാടിലാരംഭിച്ച *സാഹിത്യ വാരഫലം* മുടങ്ങാതെ മൂന്ന് പതിറ്റാണ്ട് വായിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വായന വെറുമൊരു നേരംകൊല്ലിയായി കരുതാത്തവർക്ക് ഏറെ ഇഷ്ടപ്പെടുന്നൊരു വിരുന്നാണിത്. *ഭാഷാപോഷിണി*യിലെ കാരശ്ശേരിയുടെ കുറിപ്പ് ഭാഷയോടുള്ള കൊതികൊണ്ട് ഒന്നു തൊട്ട് നാവിൽ വെച്ചു പോയതിന്റെ കയ്പ് നാവിൻതുമ്പിലിപ്പോഴുമുണ്ട്. *അത്തൗഹീദി*ൽനിന്ന് അബൂഫിദലിനുണ്ടായ കല്ലുകടി സ്വാഭാവികമാണെന്ന് കരുതിയാൽ മതി.

**മമ്മൂട്ടി കവിയൂർ**

# ചുരുക്കെഴുത്ത്

**'പർദാ** പരസ്യവിമർശകരോട്' എന്ന പർദക്കമ്പനിയുടെ പരസ്യത്തിനുള്ള (ജൂലൈ 25) മറുപടി അതേലക്കം 38-ാം പേജിൽ കെ.പി സൽവയുടെ 'മഴവിൽലോകം ഇസ്‌ലാമിന്റേതാണ്' എന്ന കുറിപ്പിലുണ്ട്. അതിങ്ങനെ: 'പർദ എന്നു പറയുമ്പോഴേക്കും സുരക്ഷിതത്വം, കുലീനത, സംരക്ഷണം എന്നൊക്കെ പറഞ്ഞ് നാം മതിൽ തീർത്തപ്പോൾ നേട്ടം കൊയ്തത് ആകർഷകങ്ങളായ പർദയും മഫ്തയുമായി രംഗത്തെത്തിയ ബ്രാന്റ് കമ്പനികളായിരുന്നു. നഷ്ടപ്പെട്ടതാകട്ടെ ഇസ്‌ലാമിന്റെ വസ്ത്രസങ്കൽപത്തിന്റെ ആത്മാവും വൈവിധ്യവും.'

**കെ.പി ഇസ്മാഈൽ കണ്ണൂർ**

**'മൈക്കിൾ** ജാക്സൻ: ഏകാകിയുടെ നൊമ്പരങ്ങൾ' എന്ന മുഹമ്മദ് യഹ്‌യയുടെ ലേഖനം (ലക്കം 9) വായിച്ചു. ഇസ്‌ലാമിക വിഷയങ്ങൾക്കും അതിലേക്ക് നയിക്കുന്ന അനുബന്ധ വിഷയങ്ങൾക്കും മുൻതൂക്കം നൽകുന്ന *പ്രബോധന*ത്തിൽ അമിത പ്രാധാന്യം നൽകി ഇങ്ങനെയൊരു കുറിപ്പ് നൽകിയത് ശരിയായില്ല. കുറിപ്പ് വായിക്കുന്നവർക്ക് അതിൽനിന്നെന്തെങ്കിലും പാഠമുൾക്കൊള്ളാനുണ്ടെന്ന് തോന്നുന്നില്ല. അത്തരം ഒരടിപൊളി ജീവിതം നയിക്കുന്ന ആളുകൾക്കുള്ള അന്തിമ പരിണതി ഇങ്ങനെയൊക്കെയായിരിക്കുമെന്ന് ഒരു ചെറു സൂചനയെങ്കിലും അതിലുൾക്കൊള്ളിച്ചിരുന്നെങ്കിൽ അൽപമെങ്കിലും പ്രയോജനപ്രദമായേനെ.

**പി.കെ.കെ അബ്ദുല്ല കരിയാട്**